# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 ഫെബ്രുവരി 20, ചൊവ്വ

വാല്യം: 113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2001 ഫെബ്രുവരി മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ...ഓർഡർ... ചോദ്യം നമ്പർ 31

**'ലേബർ അജണ്ട'യുടെ അടിസ്ഥാനത്തിലുള്ള ക്ഷേമപദ്ധതികൾ**

1 (*31) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. രാഘവൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന "ലേബർ അജണ്ട"യുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ലേബർ അജണ്ടയിൽ ഉൾപ്പെടുത്തുന്ന വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കാൻ എല്ലാ തൊഴിൽ ഉടമകൾക്കും മാനേജ്മെന്റിനും നിർദ്ദേശം നൽകുമോ ;

(സി) ലേബർ അജണ്ടയിലെ വ്യവസ്ഥകൾ നടപ്പിലാക്കാത്ത മാനേജ്മെന്റുകളുടെയും തൊഴിൽ ഉടമകളുടെയും പേരിൽ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കാൻ ലേബർ അജണ്ടയിൽ വ്യവസ്ഥ ചെയ്യുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൂട്ടിക്കിടക്കുന്ന തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് ആവശ്യമായ വ്യവസ്ഥ ഉണ്ടാകുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) തൊഴിലാളികളുടെ സമഗ്ര ക്ഷേമത്തിനായി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 12 ഇന പരിപാടിയാണ് ലേബർ അജണ്ട. പ്രസ്തുത പരിപാടികളുടെ വിശദവിവരം ഇതോടൊപ്പം ചേർത്തിരിക്കുന്നു†.

(ബി) ലേബർ അജണ്ടയിലെ വ്യവസ്ഥകൾ നടപ്പാക്കാൻ തൊഴിലുടമകളുടെയും മാനേജ്മെന്റിന്റെയും തൊഴിലാളി യൂണിയനുകളുടെയും സഹകരണം തേടിയിട്ടുണ്ട്.

(സി) ലേബർ അജണ്ടയുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് തൊഴിലുടമകൾക്കും മാനേജുമെന്റുകൾക്കും എതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) തൊഴിലാളികളുടെ സർവ്വതോന്മുഖമായ സുരക്ഷിതത്വവും പുരോഗതിയുമാണ് ലേബർ അജണ്ട മൂലം ലക്ഷ്യമാക്കുന്നത്. ഇതിനാവശ്യമായ നിയമനിർമ്മാണം ലേബർ അജണ്ടയിൽ വിവരിച്ചിട്ടുണ്ട്.

(ഇ) പൂട്ടിക്കിടക്കുന്ന തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി ലേബർ അജണ്ടയുടെ ഭാഗമായി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ഈ അജണ്ട നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ട് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും പുതിയ നിയമം നിർമ്മിക്കേണ്ടതായിട്ടുണ്ടോ ; അത്തരം കാര്യങ്ങളെ സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ എന്നു വിശദമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ലേബർ അജണ്ടയിൽ ഇന്ന് നിലവിലിരിക്കുന്ന തൊഴിൽ നിയമങ്ങളിൽ ആവശ്യമായ ചില ഭേദഗതികൾ വേണമെന്ന് ഗവൺമെന്റിന് അഭിപ്രായമുണ്ട്. അതിനുവേണ്ടി ഒരു ഏകാംഗ കമ്മീഷനെ നിയമിച്ച് അതുസംബന്ധിച്ച റിപ്പോർട്ട് വരുത്തി നടപടി സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് ഏകാംഗ കമ്മീഷൻ മതിയോ, മറ്റ് ട്രേഡ് യൂണിയൻ നേതാക്കളെക്കൂടി കമ്മീഷനിൽ ഉൾപ്പെടുത്തണമോ എന്നത് ചർച്ചാവിഷയമാണ്.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ബാലവേല ഭരണഘടനാപരമായിത്തന്നെ നിരോധിക്കപ്പെട്ടതാണ്. പക്ഷേ, ഇപ്പോഴും നമ്മുടെ രാജ്യത്ത് അത് നടന്നുവരുന്നു. നമ്മുടെ സംസ്ഥാനം പല നിയമങ്ങളും ഉണ്ടാക്കി മാതൃക കാണിച്ചിട്ടുണ്ട്. ബാലവേല നിരോധിക്കുന്നതിനുവേണ്ടി മാതൃകാപരമായി ഒരു നിയമം ഉണ്ടാക്കുന്നതിനു ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ബാലവേല, നമ്മുടെ സംസ്ഥാനത്ത് അപകടകരമായ സ്ഥിതിയിൽ ജോലി ചെയ്യേണ്ടി വരുന്ന മേഖലയിൽ ഇപ്പോൾ കുറവാണ്. എന്നാൽ മറ്റു ചില മേഖലകളിലൊക്കെ കുട്ടികൾ പണിയെടുക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 1986-ലെ കേന്ദ്ര ശിശു തൊഴിൽ നിയമം നിലവിലുള്ളതിനാൽ കേരളത്തിൽ ശിശു തൊഴിൽ പൂർണ്ണമായി നിരോധിക്കാൻ സാദ്ധ്യമല്ല. കേരളത്തിൽ ശിശുതൊഴിൽ പൂർണ്ണമായി നിരോധിക്കുക, അപകടകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ മോചിപ്പിച്ച് പുനരധിവസിപ്പിക്കുക എന്നിവ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിനാൽ ആദ്യ കാൽവയ്പ് എന്ന നിലയിൽ അപകടസ്ഥിതിയുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ മോചിപ്പിച്ച് അനുയോജ്യമായ വിധത്തിൽ, വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ അവരെ പുനരധിവസിപ്പിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 22-11-2000-ന് കേരളാ ശിശു തൊഴിലാളി മോചനവും പുനരധിവാസവും ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. പി. രാഘവൻ : സർ, ക്ഷേമനിധി ബോർഡുകളുടെ ഏകീകരണത്തെ കുറിച്ച് ഇതിൽ പറയുന്നുണ്ട്. നമ്മുടെ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ബീഡിത്തൊഴിലാളി ക്ഷേമനിധി കാസർകോട്, കണ്ണൂർ മേഖലയിലെ സഹകാര്യ മേഖലയിലെ ബീഡിത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം കർണ്ണാടക മേഖലയിലുള്ളവരാണ് ഇവിടെ ബീഡി വ്യവസായം നടത്തുന്നത് എന്നതാണ്. ഇതു നടപ്പാക്കുന്നതിന് കർണ്ണാടക സ്റ്റേറ്റിലെ മന്ത്രിയുമായി സംസാരിക്കുന്നതിനും അവരുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, കാസർകോട് മേഖലയിലെ തൊഴിലാളികൾ മിക്കവാറും ഈ ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുണ്ട്. ഏതെങ്കിലും നിലയിൽ അതിൽപെടാത്ത തൊഴിലാളികൾ ഉണ്ടെങ്കിൽ അവരെക്കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. രാഘവൻ : സർ, മഹാഭൂരിപക്ഷം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗമല്ല. ബാലവേല നടക്കുന്നതുപോലെ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ പീഡനങ്ങളും നടക്കുന്നുണ്ട്. ഈ പീഡനങ്ങൾ ഒഴിവാക്കി അവർക്ക് ജോലിചെയ്യുന്ന സ്ഥലത്ത് സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, സ്ത്രീകൾ പണിയെടുക്കുന്ന മേഖലയിൽ സ്ത്രീപീഡനം സംബന്ധിച്ച് കാര്യമായ പരാതിയൊന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില പത്ര റിപ്പോർട്ടുകൾ കണ്ടിട്ടുണ്ട്. പക്ഷേ, സ്ത്രീകളുടെമേൽ പീഡനം നടക്കുന്ന വ്യവസായശാലകൾ കേരളത്തിൽ ഉണ്ടെന്നു പറഞ്ഞാൽ അത് പൂർണ്ണമായും ശരിയല്ല. കാരണം ശക്തമായ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുള്ള നമ്മുടെ രാജ്യത്ത്, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളില്ലാത്ത ഒരു സ്ഥാപനവുമില്ല, സ്ത്രീകളെ പീഡിപ്പിക്കുന്നു എന്ന് പരാതിവന്നാൽ ഗവൺമെന്റ് നടപടി സ്വീകരിക്കും. തീർച്ചയായും ട്രേഡ് യൂണിയനുകൾക്ക് അതിനെ അഭിമുഖീകരിക്കാൻ പ്രയാസമൊന്നും ഉണ്ടാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, വയനാട്ടിൽ ആയിരക്കണക്കിന് തൊഴിലാളികൾ ഇന്നു തൊഴിലില്ലാതിരിക്കുകയാണ്. തോട്ടങ്ങളെല്ലാം പൂട്ടിപ്പോകുകയാണ്. ആ തൊഴിലാളികൾക്ക് എന്തെങ്കിലും രക്ഷ ചെയ്യാൻ നിയമംകൊണ്ടു സാധിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, വയനാട്ടിൽ മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിനു തൊഴിലാളികൾ തൊഴിലില്ലാതെയുണ്ട്. ഇൻഡ്യയിൽ തൊഴിലില്ലാത്തവർ കോടിക്കണക്കിനാണ്. ബഹുമാനപ്പെട്ട അംഗം തോട്ടം മേഖലയാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും സംസ്ഥാനം ഒരു ക്ഷേമനിധി ഉണ്ടാക്കിയിട്ടുണ്ട്. ആ ക്ഷേമനിധി നിലവിൽവരുന്ന അവസരത്തിൽ തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പരമാവധി അതിന്റെ പ്രയോജനം ലഭിക്കും.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, അസംഘടിത തൊഴിലാളികൾ കേരളത്തിൽ പതിനായിരക്കണക്കിനുണ്ട്. അവർക്ക് ഇതുകൊണ്ട് എന്താണ് നേട്ടം. തോട്ടങ്ങൾ പൂട്ടിക്കൊണ്ടു പോകുകയാണ്. തൊഴിലാളികൾക്ക് കൂലിയില്ലാതായിരിക്കുന്നു. അവർക്ക് വേറെ തൊഴിൽ കൊടുക്കാൻ സാധിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, തോട്ടം മേഖലയിലെ തൊഴിലാളികളെ പരിരക്ഷിക്കുന്നതിനാണ് ക്ഷേമനിധി ഉണ്ടാക്കിയിട്ടുള്ളത്. അവർക്ക് കൂലി കിട്ടുന്നില്ല എന്ന പരാതി ഉണ്ട്. അതിനെക്കുറിച്ച് മറ്റൊരു ചോദ്യം ഉണ്ട് അത് എടുക്കുമ്പോൾ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതാണ്.

ശ്രീ. എ. കെ. മണി : സർ, ലേബർ അജണ്ടയിൽ ലേബർ വെൽഫെയർ സ്കീംസ് എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടം മേഖലയിൽ പ്രത്യേകിച്ച് തേയിലത്തോട്ടങ്ങളിലൊക്കെ സ്റ്റാന്റിംഗ് ഓർഡറുകളുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്ത് രൂപം കൊടുത്തവയാണവ. ഈ സ്റ്റാന്റിംഗ് ഓർഡറുകളിൽ തൊഴിലാളികളെ സംരക്ഷിക്കാനുള്ള ഒരു നിയമവും കാണാൻ സാധിക്കുന്നില്ല. അവയൊക്കെ കമ്പനികളെ സഹായിക്കാൻ വേണ്ടിയാണ് അപ്ലൈ ചെയ്തുവരുന്നത്. ചർച്ചകളിൽ പലപ്പോഴും സ്റ്റാന്റിംഗ് ഓർഡർ മാറ്റാൻവേണ്ടി അംഗങ്ങൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇതുവരെ ഒരു ഗവൺമെന്റിന്റെ കാലത്തും അതിൻമേൽ തീരുമാനമുണ്ടായിട്ടില്ല. ഇപ്പോൾ ഗവൺമെന്റ് രൂപം കൊടുത്തിട്ടുള്ള ലേബർ അജണ്ടയിൽ സ്റ്റാന്റിംഗ് ഓർഡർ മാറ്റാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഇന്നു നിലവിലിരിക്കുന്ന തൊഴിൽ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതാവശ്യമാണ്. അത് പരിശോധിക്കാനാണ് ഒരു കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നത്. തോട്ടം മേഖലയും അതിൽ ഉൾപ്പെടും. ഈ മേഖലയിൽ നിലവിലിരിക്കുന്ന സ്റ്റാന്റിംഗ് ഓർഡർ നിഷേധിച്ചാൽ ഓരോ തോട്ടം മേഖലയിലും അപ്പോഴപ്പോഴുള്ള സ്ഥിതികൾ പരിശോധിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്. അവർ അപ്പോഴപ്പോൾ നിയമലംഘനത്തിന് കേസെടുക്കുന്നുണ്ട്. നിയമലംഘനം നടത്തിയിട്ടുള്ള തോട്ടം ഉടമകളുടെ പേരിൽ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട് ; ഇനിയും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ ചോദ്യത്തിന്റെ ഉത്തരത്തിൽ പൂട്ടിക്കിടക്കുന്ന തൊഴിൽ സ്ഥാപനത്തെ സംബന്ധിച്ചു പറഞ്ഞതിൽ തൊഴിലാളികൾക്ക് നിയമാനുസൃതമായ ആനുകൂല്യങ്ങൾ കൊടുക്കാതെ സ്ഥിരമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് പ്രതിമാസം സമാശ്വാസ വേതനം കൊടുക്കണം എന്നുള്ളതിനെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യം പലപ്പോഴും ട്രേഡ് യൂണിയൻ സംഘടനകൾ ആവശ്യപ്പെട്ടിട്ടുള്ളതും ഞാൻ തന്നെ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതുമാണ്. അപ്പോഴെല്ലാം പരിഗണിക്കാമെന്നുള്ള മറുപടിയാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്. തമിഴ്നാട്ടിലും പശ്ചിമബംഗാളിലും ചെയ്ത മാതൃകയിൽ പ്രതിമാസം ഇവർക്ക് ഒരു നിശ്ചിതമായ തുക സമാശ്വാസ സഹായമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ബംഗാളിൽ അങ്ങനെയൊരു പ്രോജക്ട് നിലവിലുണ്ട് എന്നാണ്. ആ പ്രോജക്ട് പഠിച്ചതിനു ശേഷമാണ് കേരളത്തിലെ പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ അവകാശങ്ങൾ നിഷേധിക്കപ്പെട്ട തൊഴിലാളികൾക്ക് മാസാമാസം 500 രൂപവച്ച് കൊടുക്കണമെന്നുള്ള ഒരു പ്രോജക്ട് ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ളത്. ആ പ്രോജക്ട് ഇപ്പോഴും ഉപേക്ഷിക്കപ്പെട്ടിട്ടില്ല. സാമ്പത്തിക പരാധീനതകൊണ്ട് അതു മാറ്റി വച്ചിരിക്കുന്നു എന്നുള്ളതേ ഉള്ളൂ. എന്നിരുന്നാൽപ്പോലും സംസ്ഥാനത്തു പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ, ഞാൻ നേരത്തേ പറഞ്ഞ കാറ്റഗറിയിൽപ്പെടുന്ന തൊഴിലാളികൾക്ക് ഒരു വർഷം ആയിരം രൂപ വച്ച് കൊടുക്കും.

ശ്രീ. കെ. ബാബു : ശ്രീ. രാജേന്ദ്രൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരമായി ആയിരം രൂപ വച്ച് കൊടുക്കും എന്നു പറഞ്ഞു. ആറു മാസം മുമ്പ് ഇതേ സഭയിൽത്തന്നെ തമിഴ്നാട്ടിൽ കൊടുക്കുന്നതു പോലെ ആശ്വാസ നടപടി സ്വീകരിക്കും എന്ന് അങ്ങ് ഉറപ്പു നൽകിയതാണ്. ഈ ആയിരം രൂപ എന്നുമുതലാണ് കൊടുക്കാൻ പോകുന്നതെന്നു വ്യക്തമാക്കണം.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പൂട്ടിക്കിടക്കുന്ന ഫാക്ടറികൾക്ക് കഴിഞ്ഞ ഒരു വർഷക്കാലം ആയിരം രൂപവച്ച് കൊടുത്തു. എല്ലാ ഫാക്ടറികളും ആ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ലിസ്റ്റിൽപ്പെടാത്ത ഫാക്ടറികളിലെ തൊഴിലാളികൾക്കും ഈ ആനുകൂല്യം കൊടുക്കാൻ ഇപ്പോൾ ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. കണാരൻ : മരംകയറ്റത്തൊഴിലാളികളുടെ ക്ഷേമത്തെ അടിസ്ഥാനപ്പെടുത്തി നിയമംകൊണ്ടുവരുമെന്ന് അങ്ങ് ഉറപ്പു നൽകിയതാണ്. ആ ഉറപ്പ് ഈ നിയമസഭയുടെ കാലാവധിക്കുള്ളിൽത്തന്നെ നടപ്പിൽ വരുത്താൻ കഴിയുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : മരം കയറ്റത്തൊഴിലാളികൾക്ക് പ്രത്യേകമായ ആനുകൂല്യം നൽകുന്ന ഒരു നിയമം കൊണ്ടുവരുന്നതിനെ സംബന്ധിച്ച ആലോചനയിലാണ്. മരം കയറ്റത്തൊഴിലാളികൾ അപകടപ്പെട്ടാൽ അവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി അവരെ ഇപ്പോൾ ഇൻഷ്വറൻസ്

പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ഉള്ള മരം കയറ്റത്തൊഴിലാളികളുടേയും അതുപോലെ അപകടമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടേയും പേര് ഇൻഷ്വറൻസ് സ്കീമിൽ ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അവരെ ഇൻഷ്വറൻസ് സ്കീമിൽ പെടുത്തിയാൽ അവർക്ക് വളരെ കാര്യമായ തുക ലഭിക്കുന്നതാണ്. ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായിട്ടാണ് ഗവൺമെന്റ് ടൈ അപ് ചെയ്ത് നടപടികൾ സ്വീകരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : ഇവിടെ ക്ഷേമ പദ്ധതികളുടെ കാര്യം മന്ത്രി പറയുകയുണ്ടായി. നിരവധി തൊഴിലാളികൾക്ക് ക്ഷേമനിധികളിൽ നിന്ന് കിട്ടേണ്ടതായ പെൻഷനും ഭവനനിർമ്മാണ വായ്പയും മറ്റും-ക്ഷേമനിധിയിലെ പണം മുഴുവൻ സർക്കാർ നിർബ്ബന്ധിച്ച് ട്രഷറിയിലേക്ക് മാറ്റുകയും ട്രഷറി ബാൻ വരുകയും ചെയ്തിരിക്കുന്നതുകൊണ്ട്-കൊടുക്കുന്നില്ല എന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ എന്തു പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത് ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അത് പ്രചരണമാണ്. ക്ഷേമനിധി ബോർഡുകളിലെ പണം വിവിധ ബാങ്കുകളിലാണ് നിക്ഷേപിക്കുന്നത്. ചിലപ്പോൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ബോർഡ് കൂടി തീരുമാനിച്ചിട്ടാണ് ട്രഷറിയിലോ എൻ.എസ്.എസ്സിലോ ഒക്കെ നിക്ഷേപിക്കുന്നത്. ഗവൺമെന്റ് അവരുടെ മേൽ സമ്മർദ്ദം ചെലുത്താറേയില്ല. ഈ പ്രചരണം ഈ അടുത്ത കാലത്ത് വ്യാപകമായി കേരളത്തിൽ നടക്കുന്നുണ്ട്. ഒരു ക്ഷേമനിധിയുടേയും ആനുകൂല്യങ്ങൾക്ക് ദോഷം വരത്തക്ക നിലയിൽ യാതൊരു നടപടിയും കേരളത്തിൽ ഇതുവരെ സ്വീകരിച്ചിട്ടില്ല. എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ബാലൻ : പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സാമ്പത്തിക ആനുകൂല്യം കൊടുക്കുമെന്ന് ലേബർ അജണ്ടയിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുകയുണ്ടായി. കണ്ണൂരിലെ തിരുവേപ്പതി മിൽ വർഷങ്ങളായി പൂട്ടിക്കിടക്കുന്നതുമൂലം അവിടത്തെ തൊഴിലാളികൾ തെരുവാധാരമായിരിക്കുകയാണ്. ഗവൺമെന്റ് നിരവധി ശ്രമങ്ങൾ നടത്തിയെങ്കിൽപ്പോലും അത് ഇതുവരെ തുറക്കാൻ സാധിച്ചില്ല. വർഷങ്ങളായി ഫാക്ടറി അടച്ചിട്ടിരിക്കുന്നതുകൊണ്ട് ഒരു സ്പെഷ്യൽ കേസ് എന്നുള്ള രൂപത്തിൽ അവിടത്തെ തൊഴിലാളികൾക്ക് റഗുലറായി സാമ്പത്തിക സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ ഭാഗമായി ഇവർക്കും ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. ആയിരം രൂപ വീതം ലഭിച്ചിട്ടുണ്ട്. ആ മിൽ പൂട്ടിക്കിടക്കുന്നത് തൊഴിൽ പ്രശ്നങ്ങളോ മറ്റു കാരണങ്ങളോ കൊണ്ടല്ല. സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ടാണ് ആ ഫാക്ടറി അടഞ്ഞു കിടക്കുന്നത്. വ്യവസായ വകുപ്പും ലേബർ വകുപ്പും ഇടപെട്ട് അതു തുറക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് ആലോചിച്ച് കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ദാസൻ : കേരളത്തിലെ കൊമേഴ്സ്യൽ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി നടപ്പിലാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്ന നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കൊമേഴ്സ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നുള്ള തത്വത്തോട് ഗവൺമെന്റ് യോജിക്കുന്നു. എന്നാൽ ക്ഷേമനിധി എന്നു പറയുന്നത് കൊമേഴ്സ്യൽ തൊഴിലാളികൾക്ക് മാത്രമല്ല, സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കെല്ലാം ക്ഷേമനിധി വേണമെന്നുള്ള ഡിമാന്റാണ് ഇപ്പോൾ അവർ ഉന്നയിച്ചിരിക്കുന്നത്. നിലവിലിരിക്കുന്ന ക്ഷേമനിധിയെപ്പറ്റിയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുമൊക്കെ ഗവൺമെന്റ് പരിശോധിച്ചപ്പോൾ ചിലതിനൊക്കെ സ്വന്തമായി നിലനിൽക്കുന്നതിന് കുറേ വൈഷമ്യങ്ങളുണ്ടെന്ന് ഗവൺമെന്റിനു ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ട് ഇനി മേലിൽ ഉണ്ടാക്കുന്ന പതിനായിരവും ഇരുപതിനായിരവും ഇരുപത്തയ്യായിരവും പേരുള്ള ചെറിയ ചെറിയ ക്ഷേമനിധി ബോർഡുകൾ ലേബർ അജണ്ടയുടെ കീഴിൽ കൊണ്ടുവന്ന് ചെലവുകൾ കുറച്ച് അതിന്റെ പ്രവർത്തനങ്ങൾ സുരക്ഷിതമാക്കുന്നതിന് വേണ്ടിയാണ് ലേബർ അതോറിറ്റീസ് രൂപീകരിച്ചിരിക്കുന്നത്.

**കടൽവെള്ളം ശുദ്ധീകരിക്കുന്നതിന് പദ്ധതി**

2 (*32) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരമാലയിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് കടൽവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഈ ശുദ്ധജലം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : ഇതൊരു കുഴഞ്ഞ ചോദ്യമാണ്. ഇത് കേരളാ ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ചുള്ള ചോദ്യമല്ല. കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ചുള്ള ചോദ്യമാണ്. എങ്കിലും ഞാൻ ഉത്തരം തയ്യാറാക്കിയിട്ടുണ്ട്. കിട്ടിയിടത്തോളം വിവരങ്ങൾ പറയാം.

(എ) സംസ്ഥാന സർക്കാർ തലത്തിൽ ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം II

**20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(*35)-ന്റെ 'ബി' ഉത്തരം ദയവായി കാണുക**

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി-പട്ടികവർഗ്ഗ-മറ്റർഹ വിഭാഗം-വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ-പ്രീമെട്രിക്, പോസ്റ്റ് മെട്രിക് പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപെന്റ് പോക്കറ്റ് മണി-നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പട്ടികജാതി-പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നമ്പർ 47/96/പജ.പവ.വിവ. തിരുവനന്തപുരം, 1996 സെപ്റ്റംബർ, 17

*പരാമർശം* :—1. സ.ഉ. (എം.എസ്.) 17/89/പജ. പവ. വിവ. തീയതി 5-4-1989
2. സ.ഉ. (എം.എസ്) 10/92/പജ. പവ. വിവ. തീയതി 23-3-1992

**ഉത്തരവ്**

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ-മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയും താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് 1-4-1996 മുതൽ പ്രാബല്യമുണ്ടായിരിക്കും.

| | നിലവിലുള്ള നിരക്ക് രൂപ | വർദ്ധിപ്പിച്ച നിരക്ക് രൂപ |
|---|---|---|
| | (1) | (2) |
| 1. പ്രീമെട്രിക് പഠനം | | |
| ലംപ്സം ഗ്രാന്റ് | | |
| 1. നേഴ്സറി സ്കൂളുകൾ | 35 | 50 |
| 2. ക്ലാസ് 1 മുതൽ 3 വരെ | 50 | 70 |
| 3. 4-ാം ക്ലാസ്സ് | 55 | 75 |
| 4. 5-ാം ക്ലാസ്സ് | 80 | 110 |
| 5. 6, 7 ക്ലാസ്സുകൾ | 90 | 125 |
| 6. 8, 9, 10 ക്ലാസ്സുകൾ | 125 | 175 |

LIBRARY ARCHIVES Kerala Legislative Assembly

തോൽക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ പറഞ്ഞിരിക്കുന്ന നിരക്കിലുള്ള ലംപ്സംഗ്രാന്റിന്റെ 50 ശതമാനത്തിന് അർഹതയുണ്ടായിരിക്കുന്നതും തൊട്ടടുത്ത മൊത്ത സംഖ്യയായി നിജപ്പെടുത്തേണ്ടതുമാണ്.

2. പോസ്റ്റ്മെട്രിക് സ്റ്റഡീസ്

(എ) ലംപ്സം ഗ്രാന്റ്

2. (1) ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ

| | | | |
|---|---|---|---|
| 1. | പ്രീഡിഗ്രി/വൊക്കേഷണൽ ഹയർ സെക്കന്ററി/ പ്ലസ് ടു | 270 | 380 |
| 2. | ബി.എ/ബി.എസ്.സി./ബി.കോം/ബി.ലിറ്റ്/ ബി.എഡ് | 300 | 420 |
| 3. | എം.എ/എം.എസ്.സി./എം.കോം./ എം.എസ്.ഡബ്ല്യൂ/എം.സി.എ/എം.എഫ്.എ. | 385 | 540 |
| 4. | ബി.എസ്.സി./എം.എൽ.റ്റി. (സ്കൂൾ ഓഫ് ബേസിക്മെഡിക്കൽ സയൻസ്) | 240 | 335 |

2. (2) ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം ഇടക്കടം
പുറനാട്ടുകര സംസ്കൃത വിദ്യാപീഠം
ആദർശ സംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി

| | | | |
|---|---|---|---|
| 1. | മാദ്ധ്യമ | 100 | 140 |
| 2. | ശാസ്ത്രി (ഒന്നും രണ്ടും) | 230 | 320 |
| 3. | ശാസ്ത്രി (3-ാം വർഷം) | 205 | 285 |
| 4. | പ്രാക് ശാസ്ത്രി (പ്രീഡിഗ്രിക്ക് തുല്യം) | 270 | 380 |
| 5. | ശാസ്ത്രി (ബി.എക്ക് തുല്യം) | 300 | 420 |
| 6. | ആചാര്യ (എം.എക്ക് തുല്യം) | 385 | 540 |

2. (3) മറ്റ് കോഴ്സുകൾ

| | | | |
|---|---|---|---|
| 1. | കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 245 | 300 |
| 2. | പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ ഇൻ മാനേജ്മെന്റ് (പി.ജി.ഡി.എം.) | 385 | 460 |
| 3. | പി.ജി.പി.എം. | 385 | 460 |
| 4. | പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ ഇൻ ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻസ് | 385 | 460 |
| 5. | ഹോമിയോ, എം.ഡി./ഗ്രേഡഡ് ഡിഗ്രി | 665 | 800 |
| 6. | വി.വി.എസ്.സി. ആന്റ് എ.എച്ച്. | 665 | 800 |
| 7. | മെഡിക്കൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ കോഴ്സുകൾ | 900 | 1100 |
| 8. | ബി.എസ്സി. മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 285 | 350 |
| 9. | എം.ഡി.എസ്. | 900 | 1100 |



LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 10. | കംപ്യൂട്ടർ എയിഡഡ് ഡിസൈൻ കോഴ്സ് | 235 | 350 |
| 11. | യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ വിവിധ പി. ജി. കോഴ്സുകൾ | 355 | 495 |
| 12. | ബി.എസ്.സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് | 590 | 825 |
| 13. | ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (സ്പോർട്സ് സാധനത്തിന്റെയും യൂണിഫോമിന്റേയും യഥാർത്ഥ ചെലവ്) | ... | ... |
| 14. | സെൻട്രൽ സ്കൂൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ 11-ഉം 12-ഉം സ്റ്റാൻഡേർഡുകൾ | 270 | 380 |
| 2. (4) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉല്പാദന പരിശീലന കേന്ദ്രങ്ങളുടെ പരിശീലനാർത്ഥികൾക്ക് | | |
| | 1-ാം വർഷം | 200 | 280 |
| | 2-ാം വർഷം | 150 | 210 |
| 2. (5) | വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവ: സ്ഥാപനങ്ങളും അംഗീകൃത സഹകാര്യ സ്ഥാപനങ്ങളും) | | |
| 1. | എഞ്ചിനീയറിംഗ് : | | |
| | 1-ാം വർഷം | 175 | 245 |
| | 2-ാം വർഷം | 150 | 210 |
| 2. | റോൺ എഞ്ചിനീയറിംഗ് : | | |
| | 1-ാം വർഷം | 175 | 245 |
| | 2-ാം വർഷം | 150 | 210 |
| 3. | സംഗീത കോളേജിലെ നടന ഭൂഷണ കോഴ്സ് (പ്രീമെട്രിക്) | 125 | 175 |
| 4. | സെൻട്രൽ പോളിടെക്നിക്, തിരുവനന്തപുരം, എം.റ്റി.ഐ. കളമശ്ശേരി, എ.റ്റി.ഐ. തൃശ്ശൂർ എന്നിവയിലെ കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, റ്റി.വി. എഞ്ചിനീയറിംഗ്, ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് | 205 | 285 |
| 5. | പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ഇൻ കംപ്യൂട്ടർ ആന്റ് ഹാർഡ്വെയർ മെയിന്റനൻസ്, പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ഇൻ ഇലക്ട്രാ മെഡിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ് കോഴ്സ് | 205 | 285 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിമാസ സ്റ്റൈപെന്റ്

1. പ്രീമെട്രിക് കോഴ്സുകൾ

(നായാടി, വേടൻ, വേട്ടുവൻ, കരിംപാലൻ, മാവിലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രം)

| | | |
|---|---|---|
| 1. സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ | 16 | 25 |
| 2. സ്റ്റാൻഡേർഡ് 5 മുതൽ 7 വരെ | 20 | 30 |
| 3. സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ | 25 | 35 |

2. പോസ്റ്റ് മെട്രിക് കോഴ്സുകൾ

| | | |
|---|---|---|
| 1. 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 155 | 215 |
| 2. 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് | 180 | 250 |
| 3. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉല്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾക്ക് | 150 | 210 |
| 4. വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവ : സ്ഥാപനങ്ങളും, അംഗീകൃത സ്ഥാപനങ്ങളും) | 125 | 175 |
| 5. സംഗീത കോളേജിലെ നടന ഭൂഷണ കോഴ്സ് | 125 | 175 |

(സി) പോക്കറ്റ് മണി

| | | |
|---|---|---|
| 1. മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾ | 45 | 65 |
| 2. മറ്റ് കോഴ്സുകൾ | 35 | 50 |
| 3. ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് | 25 | 35 |
| 4. എം.ഇ, എം-ടെക്, എം.ഫിൽ, പി.എച്ച്.ഡി, എം.ലിറ്റ്. | യു.ജി.സി. ഫെലോഷിപ്പിന് തുല്യമായ നിരക്കിൽ ഗ്രേറ്റ് സ് കോളർഷിപ്പ് ലഭിക്കാത്തവർക്ക് 2500 രൂപ പ്രതിമാസം നൽകുന്നു. എന്നാൽ ഇവ യു.ജി.സി. നിരക്ക് വർദ്ധിപ്പിക്കുന്നത് അനുസരിച്ച് വർദ്ധിക്കുന്ന നിരക്ക് നൽകാവുന്നതാണ്. | |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.എസ്. ജോസഫ്,
പ്രിൻസിപ്പൽ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസന ഡയറക്ടർ/
പട്ടികവർഗ്ഗ വികസന ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് & എൻറ്റൈറ്റിൽമെന്റ്സ്) കേരള, തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ
ഹോമിയോപതിക് ഡയറക്ടർ
ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ
ആയുർവേദ കോളേജ് പ്രിൻസിപ്പാൾമാർക്ക്
പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ
ധനകാര്യ വകുപ്പിന് (13-9-1996-ലെ 62312/എ ഡബ്ല്യൂസി 3/96/ ഫിൻ. നമ്പർ അനൗദ്യോഗിക കുറിപ്പ്) പൊതുഭരണ വകുപ്പിന്
രജിസ്ട്രാർ, (കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കൊച്ചിൻ യൂണിവേഴ്സിറ്റി)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
പൊതുവിദ്യാഭ്യാസ വകുപ്പ്/ഉന്നത വിദ്യാഭ്യാസ വകുപ്പ്
കരുതൽ ഫയൽ/ഒ.സി.

LIBRARY ARCHIVES Kerala Legislative Assembly

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി-പട്ടികവർഗ്ഗ-മറ്റർഹ വിഭാഗം-വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ-പ്രീമെട്രിക്, പോസ്റ്റ് മെട്രിക് പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപെന്റ് പോക്കറ്റ് മണി-നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പട്ടികജാതി-പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നമ്പർ 47/96/പജ.പവ.വിവ. തിരുവനന്തപുരം, 1996 സെപ്റ്റംബർ, 17

*പരാമർശം* :—1. സ.ഉ. (എം.എസ്.) 17/89/പജ. പവ. വിവ. തീയതി 5-4-1989
2. സ.ഉ. (എം.എസ്) 10/92/പജ. പവ. വിവ. തീയതി 23-3-1992

**ഉത്തരവ്**

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ-മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയും താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് 1-4-1996 മുതൽ പ്രാബല്യമുണ്ടായിരിക്കും.

| | നിലവിലുള്ള നിരക്ക് രൂപ | വർദ്ധിപ്പിച്ച നിരക്ക് രൂപ |
|---|---|---|
| | (1) | (2) |
| **1. പ്രീമെട്രിക് പഠനം** | | |
| **ലംപ്സം ഗ്രാന്റ്** | | |
| 1. നേഴ്സറി സ്കൂളുകൾ | 35 | 50 |
| 2. ക്ലാസ് 1 മുതൽ 3 വരെ | 50 | 70 |
| 3. 4-ാം ക്ലാസ്സ് | 55 | 75 |
| 4. 5-ാം ക്ലാസ്സ് | 80 | 110 |
| 5. 6, 7 ക്ലാസ്സുകൾ | 90 | 125 |
| 6. 8, 9, 10 ക്ലാസ്സുകൾ | 125 | 175 |

തോല്ക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ പറഞ്ഞിരിക്കുന്ന നിരക്കിലുള്ള ലംപ്സംഗ്രാന്റിന്റെ 50 ശതമാനത്തിന് അർഹതയുണ്ടായിരിക്കുന്നതും തൊട്ടടുത്ത മൊത്ത സംഖ്യയായി നിജപ്പെടുത്തേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. പോസ്റ്റ്മെട്രിക് സ്റ്റഡീസ്

(എ) ലംപ്സംഗ്രാന്റ്

2. (1) ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ

| | | | |
|---|---|---|---|
| 1. | പ്രീഡിഗ്രി/വൊക്കേഷണൽ ഹയർ സെക്കന്ററി/ പ്ലസ് ടു | 270 | 380 |
| 2. | ബി.എ/ബി.എസ്.സി./ബി.കോം/ബി.ലിറ്റ്/ബി.എഡ് | 300 | 420 |
| 3. | എം.എ/എം.എസ്.സി./എം.കോം/എം.എസ്.ഡബ്ല്യു/ എം.സി.എ/എം.എഫ്.എ. | 385 | 540 |
| 4. | ബി.എസ്.സി./എം.എൽ.റ്റി. (സ്കൂൾ ഓഫ് ബേസിക് മെഡിക്കൽ സയൻസ്) | 240 | 335 |

2. (2) ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം ഇടക്കാടം
പുറനാട്ടുകര സംസ്കൃത വിദ്യാപീഠം
ആദർശ സംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി

| | | | |
|---|---|---|---|
| 1. | മാദ്ധ്യമ | 100 | 140 |
| 2. | ശാസ്ത്രി (ഒന്നും രണ്ടും) | 230 | 320 |
| 3. | ശാസ്ത്രി (3-ാം വർഷം) | 205 | 285 |
| 4. | പ്രാക് ശാസ്ത്രി (പ്രീഡിഗ്രിക്ക് തുല്യം) | 270 | 380 |
| 5. | ശാസ്ത്രി (ബി.എക്ക് തുല്യം) | 300 | 420 |
| 6. | ആചാര്യ (എം.എക്ക് തുല്യം) | 385 | 540 |

2. (3) മറ്റ് കോഴ്സുകൾ

| | | | |
|---|---|---|---|
| 1. | കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 245 | 300 |
| 2. | പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ ഇൻ മാനേജ്മെന്റ് (പി.ജി.ഡി.എം.) | 385 | 460 |
| 3. | പി.ജി.പി.എം. | 385 | 460 |
| 4. | പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ ഇൻ ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻസ് | 385 | 460 |
| 5. | ഹോമിയോ, എം.ഡി./ഗ്രേഡഡ് ഡിഗ്രി | 665 | 800 |
| 6. | വി.വി.എസ്.സി. ആന്റ് എ.എച്ച്. | 665 | 800 |
| 7. | മെഡിക്കൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ കോഴ്സുകൾ | 900 | 1100 |
| 8. | ബി.എസ്സി. മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 285 | 350 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 9. | എം.ഡി.എസ്. | 900 | 1100 |
| 10. | കംപ്യൂട്ടർ എയിഡഡ് ഡിസൈൻ കോഴ്സ് | 285 | 350 |
| 11. | യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ വിവിധ പി. ജി. കോഴ്സുകൾ | 355 | 495 |
| 12. | ബി.എസ്.സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് | 590 | 825 |
| 13. | ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (സ്പോർട്സ് സാധനത്തിന്റെയും യൂണിഫോമിന്റേയും യഥാർത്ഥ ചെലവ്) | ... | ... |
| 14. | സെൻട്രൽ സ്കൂൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ 11-ഉം 12-ഉം സ്റ്റാൻഡേർഡുകൾ | 270 | 380 |
| 2. (4) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉല്പാദന പരിശീലന കേന്ദ്രങ്ങളുടെ പരിശീലനാർത്ഥികൾക്ക് | | |
| | 1-ാം വർഷം | 200 | 280 |
| | 2-ാം വർഷം | 150 | 210 |
| 2. (5) | വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവ: സ്ഥാപനങ്ങളും അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളും) | | |
| 1. | എഞ്ചിനീയറിംഗ് : | | |
| | 1-ാം വർഷം | 175 | 245 |
| | 2-ാം വർഷം | 150 | 210 |
| 2. | നോൺ എഞ്ചിനീയറിംഗ് : | | |
| | 1-ാം വർഷം | 175 | 245 |
| | 2-ാം വർഷം | 150 | 210 |
| 3. | സംഗീത കോളേജിലെ നടന ഭൂഷണ കോഴ്സ് (പ്രീമെട്രിക്) | 125 | 175 |
| 4. | സെൻട്രൽ പോളിടെക്നിക്, തിരുവനന്തപുരം, എം.റ്റി.ഐ. കളമശ്ശേരി, എം.റ്റി.ഐ. തൃശ്ശൂർ എന്നിവയിലെ കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, റ്റി.വി. എഞ്ചിനീയറിംഗ്, ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് | 205 | 285 |
| 5. | പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ഇൻ കംപ്യൂട്ടർ ആന്റ് ഹാർഡ്വെയർ മെയിന്റനൻസ്, പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ഇൻ ഇലക്ട്രോ മെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് കോഴ്സ് | 205 | 285 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിമാസ സ്റ്റൈപെന്റ്

1. പ്രീമെട്രിക് കോഴ്സുകൾ

(നായാടി, വേടൻ, വേട്ടുവൻ, കരിംപാലൻ, മാവിലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രം)

| | | |
|---|---|---|
| 1. സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ | 16 | 25 |
| 2. സ്റ്റാൻഡേർഡ് 5 മുതൽ 7 വരെ | 20 | 30 |
| 3. സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ | 25 | 35 |

2. പോസ്റ്റ് മെട്രിക് കോഴ്സുകൾ

| | | |
|---|---|---|
| 1. 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 155 | 215 |
| 2. 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് | 180 | 250 |
| 3. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉല്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾക്ക് | 150 | 210 |
| 4. വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവ : സ്ഥാപനങ്ങളും, അംഗീകൃത സ്ഥാപനങ്ങളും) | 125 | 175 |
| 5. സംഗീത കോളേജിലെ നടന ഭൂഷണ കോഴ്സ് | 125 | 175 |

(സി) പോക്കറ്റ് മണി

| | | |
|---|---|---|
| 1. മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾ | 45 | 65 |
| 2. മറ്റ് കോഴ്സുകൾ | 35 | 50 |
| 3. ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് | 25 | 35 |
| 4. എം.ഇ, എം-ടെക്, എം.ഫിൽ, പി.എച്ച്.ഡി, എം.ലിറ്റ്. | യു.ജി.സി. ഫെലോഷിപ്പിന് തുല്യമായ നിരക്കിൽ ഗ്രേറ്റ്സ് കൊളർഷിപ്പ് ലഭിക്കാത്തവർക്ക് 2500 രൂപ പ്രതിമാസം നൽകുന്നു. എന്നാൽ ഇവ യു.ജി.സി. നിരക്ക് വർദ്ധിപ്പിക്കുന്നത് അനുസരിച്ച് വർദ്ധിക്കുന്ന നിരക്ക് നൽകാവുന്നതാണ്. | |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.എസ്. ജോസഫ്,
പ്രിൻസിപ്പൽ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസന ഡയറക്ടർ/പട്ടികവർഗ്ഗ വികസന ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് & എൻറ്റൈറ്റിൽമെന്റ്സ്) കേരള, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ

ഹോമിയോപതിക് ഡയറക്ടർ

ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ

ആയൂർവേദ കോളേജ് പ്രിൻസിപ്പാൾമാർക്ക്

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ

ധനകാര്യ വകുപ്പിന് (13-9-1996-ലെ 62312/എ ഡബ്ല്യൂസി 3/96/ ഫിൻ. നമ്പർ അനൗദ്യോഗിക കുറിപ്പ്) പൊതുഭരണ വകുപ്പിന്

രജിസ്ട്രാർ, (കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കൊച്ചിൻ യൂണിവേഴ്സിറ്റി)

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ

പൊതുവിദ്യാഭ്യാസ വകുപ്പ്/ഉന്നത വിദ്യാഭ്യാസ വകുപ്പ്

കരുതൽ ഫയൽ/ഒ.സി

LIBRARY ARCHIVES Kerala Legislative Assembly